**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2521** **23-02-2026 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 2016-17 മുതൽ മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ തുക ഉൾപ്പെടെയുള്ള വിശദാംശവും അവയുടെ തൽസ്ഥിതിയും ലഭ്യമാക്കാമോ? | (എ) | പ്രധാനമന്ത്രി തൊഴിൽദായക പദ്ധതി പ്രകാരം 266 സംരംഭകർക്ക് 631.82 ലക്ഷം രൂപയും സംരംഭക സഹായ പദ്ധതിയനുസരിച്ച് 50 സംരംഭകർക്ക് 62.2 ലക്ഷം രൂപയും നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതിയനുസരിച്ച് 23 സംരംഭകർക്ക് 44.86 ലക്ഷം രൂപയും ഒരു കുടുംബം ഒരു സംരംഭം പദ്ധതിയനുസരിച്ച് 33 സംരംഭകർക്ക് 5.86 ലക്ഷം രൂപയും പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ് എന്റർപ്രൈസസ് പദ്ധതി പ്രകാരം 83 സംരംഭകർക്ക് 155.86 ലക്ഷം രൂപയും വ്യവസായ ഭദ്രത പദ്ധതി പ്രകാരം 30 സംരംഭകർക്ക് 4.57 ലക്ഷം രൂപയും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ ഇൻഷുറൻസ് പദ്ധതിയനുസരിച്ച് 147 സംരംഭകർക്ക് 2.77 ലക്ഷം രൂപയും ഉജ്ജീവന പദ്ധതി പ്രകാരം 10 സംരംഭകർക്ക് 13.25 ലക്ഷം രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതിൽ വ്യവസായ ഭദ്രത പദ്ധതി, ഉജ്ജീവന പദ്ധതി എന്നിവ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളവ നിലവിലും തുടരുന്നു.<br><br>കൊല്ലകടവ് വ്യവസായ വികസന ഏരിയയിലെ പട്ടികജാതി/പട്ടിക വർഗ്ഗ വ്യവസായ ഷെഡ്ഡുകളിലേക്കുള്ള ആന്തരിക റോഡ് 23.41 ലക്ഷം രൂപ ചെലവഴിച്ച് പൊതുവായ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. കൂടാതെ, ഈ വ്യവസായ വികസന ഏരിയയിലെ ആന്തരിക റോഡ് 274 ലക്ഷം ചെലവഴിച്ച് പുനർ നിർമ്മിക്കുന്നു. ടാറിങ് ജോലികൾ പുരോഗമിക്കുന്നു.<br><br>സിഡ്കോയുടെ ഉടമസ്ഥതയിലുള്ള കൊല്ലകടവ് വ്യവസായ എസ്റ്റേറ്റിന്റെ നവീകരണ പ്രക്രിയയുടെ ഭാഗമായി പുതിയ വ്യവസായ ഷെഡ്ഡുകൾ പണിത് സംരംഭകർക്ക് അനുവദിച്ചിട്ടുണ്ട്. എസ്റ്റേറ്റിന്റെ നവീകരണത്തിന് 78,91,219/- രൂപയും 8 വ്യവസായ |

| | | | |
|---|---|---|---|
| | | | ഷെഡ്ഡുകളും ഒരു ശുചിമുറിയും നിർമ്മിച്ച വകയിൽ 36,07,661/- രൂപയും ചെലവഴിച്ചിട്ടുണ്ട്. സിഡ്കോയുടെ വുഡ് വർക്കിങ് യൂണിറ്റ് നവീകരണത്തിന്റെ ഭാഗമായി ഈ കാലയളവിൽ 29.82 ലക്ഷം രൂപ വിനിയോഗിച്ച് പുതിയ മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 4146 സംരംഭങ്ങളും, 184 കോടി രൂപയുടെ നിക്ഷേപവും 7911 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ